Break the chain

വനിത
ശിശുവികസന
വകുപ്പ്

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

*(ഹാജർ: :ശ്രീമതി.അനുപമ ടി.വി ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)*

**വിഷയം:-** വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - ഇടുക്കി സ്വദേശി നീതു ആന്റണി എന്ന കുട്ടിക്ക്_ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:-** 1) ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ:30/2021-22/PO(NIC)/DCPU/IDK തീയതി :22.10.2021

====================================================================================

**ഉത്തരവ് നമ്പർ: ICPS-4(A)/11964/2021 തീയതി: 01.12.2021**

====================================================================================

ഇടുക്കി ജില്ലയിൽ സേനാപതി ഗ്രാമപഞ്ചായത്തിൽ പാണാപറമ്പിൽ വീട്ടിൽ ശ്രീ.ആന്റണി ശ്രീമതി.മിനി എന്നീ ദമ്പതികളുടെ മകളായ നീതു ആന്റണി (16 വയസ്സ്) എന്ന കുട്ടിക്ക് 2019 മുതൽ ടർണേഴ്സ് സിൻഡ്രോം എന്ന അപൂർവ അവസ്ഥയിലുള്ള രോഗം ബാധിച്ചിട്ടുള്ളതായും നിലവിൽ തമിഴ്നാട്ടുള്ള മധുരൈ അശ്വിൻ സ്പെഷ്യലിറ്റി ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിഞ്ഞു വരുന്നുവെന്നും, ടർണേഴ്സ് സിൻഡ്രോം മൂലം കുട്ടിക്ക് വളർച്ച കുറവ് ഉള്ളതും പതിനാറു വയസ്സാണെങ്കിലും 26 കിലോഗ്രാം മാത്രം ഭാരമുള്ളതും നാലടി മാത്രം ഉയരമുള്ളതുമാണ് എന്നും , ടി അവസ്ഥയ്ക്ക് ഹോർമോൺ ചികിത്സയും മറ്റ് തെറാപ്പിയും മാത്രമാണ് നിലവിൽ ഉള്ളതെന്നും , സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിന് ടി ഭാരിച്ച ചികിത്സാ ചിലവ് താങ്ങാനാവില്ല എന്നും ആയതിനാൽ കുട്ടിക്ക് ബാലനിധിയിൽ ഉൾപ്പെടുത്തി ലഭ്യമായ ബില്ലുകളുടെ,തുടർ ചികിത്സയ്ക്കുമായി 1,50,000/-രൂപ അനുവദിച്ച് നൽകണമെന്ന് ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള ഇടുക്കി ജില്ലയിൽ സേനാപതി ഗ്രാമപഞ്ചായത്തിൽ പാണാപറമ്പിൽ വീട്ടിൽ ശ്രീ.ആന്റണി ശ്രീമതി.മിനി എന്നീ ദമ്പതികളുടെ മകളായ നീതു

ആൻ്റണി യുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിൻ്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്ത 1,50,000/-രൂപ നിന്നും ചികിത്സയ്ക്കായി ചെലവായ ബില്ലുകളുടെ തുക മാത്രം കണക്കാക്കി ആകെ 88,525 /-രൂപ (**എൺപത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തി അഞ്ചു രൂപ മാത്രം** ) അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടി തുകയായ 88,525 /-രൂപ (**എൺപത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തി അഞ്ചു രൂപ മാത്രം** ) ഇടുക്കി വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെൻ്റായി ജെ.ജെ. ഫണ്ടിൻറെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ട്മെൻ്റായി ഇടുക്കി ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പൻ്റിച്ചർ സ്റ്റേറ്റ്മെൻ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

*വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)*

ജില്ലാ വനിത ശിശു വികസന ഓഫീസർ,ഇടുക്കി

<u>പകർപ്പ്</u>

1. ജില്ല ശിശു സംരക്ഷണ ഓഫീസർ,ഇടുക്കി
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെൻ്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്